"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കാസർഗോഡ് തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ.വിനോദ്കുമാർ കെ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A.No. 1311/2021 -മേലുള്ള 16/07/2021 -ലെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1823/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 22/09/2021

---

പരാമർശം:-

1. ശ്രീ.വിനോദ്കുമാർ.കെ. സമർപ്പിച്ച 08.07.2021-ലെ നിവേദനം.
2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ O.A.No. 1311/2021-മേലുള്ള 16/07/2021-ലെ വിധിന്യായം.
3. പഞ്ചായത്ത് ഡയറക്ടറുടെ 31.08.2021-ലെ PAN/8827/2021-E1(DP) നമ്പർ കത്ത്.

<u>ഉത്തരവ്</u>

കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ.വിനോദ്കുമാർ കെ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A.No. 1311/2021 -മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ചുവടെ കുറിക്കും പ്രകാരം ഉത്തരവായിട്ടുണ്ട്.

" In view of the facts noted above, the O.A is disposed of directing the first respondent to consider and pass appropriate orders on Annexure A4 appeal ( representation dated 8/7/2021), in accordance with law, after affording an opportunity of hearing the applicant and the affected parties including the third respondent. The first respondent shall consider the comparative merits of the claim put forth by the applicant and the third respondent for a transfer and posting/ retention in Kannur District. The claim of the applicant against the retirement vacancy due to arise on 1/9/2021 at Cherupuzha G.P shall also be considered. The first respondent shall issue appropriate orders within a period of 6 weeks from the date of receipt of a certified copy of the order".

2. 2020-ൽ പൊതു സ്ഥലമാറ്റത്തിന് അപേക്ഷ ക്ഷണിച്ചപ്പോൾ കണ്ണൂർ ജില്ലയിലെ ചപ്പാരപടവ്, ചെറുകുന്ന്, കല്യാശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് ഓപ്ഷൻ നൽകിയിരുന്നുവെന്നും എന്നാൽ വയനാട് ജില്ലയിലെ മുട്ടിൽ ഗ്രാമപഞ്ചായത്തിലാണ് സ്ഥലം മാറ്റം ലഭിച്ചതെന്നും ഓപ്ഷൻ നൽകിയ പഞ്ചായത്തുകളിൽ തുടർന്ന് ഒഴിവ് വന്നപ്പോഴും തന്നെ

പരിഗണിച്ചില്ലെന്നും തുടർന്ന് 2021 ലെ പൊതുസ്ഥലം മാറ്റത്തിൽ കണ്ണൂർ ജില്ലയിലെ പാപ്പനിശ്ശേരി, ചിറക്കൽ, ചെറുപുഴ എന്നീ ഗ്രാമ പഞ്ചായത്തുകളിലേക്ക് ഓപ്ഷൻ നല്കിയെങ്കിലും കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിലേക്കാണ് സ്ഥലം മാറ്റിയതെന്നും പ്രായമായ അമ്മയുടെ സംരക്ഷണാർത്ഥം 2021-ൽ ഓപ്ഷൻ നല്കിയ ഗ്രാമ പഞ്ചായത്തുകളിലേയ്ക്ക് ഒന്നിൽ സ്ഥലം മാറ്റം നൽകണമെന്നും കാസറഗോഡ് തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായി സേവനമനുഷ്ഠിക്കുന്ന ശ്രീ.വിനോദ്കുമാർ 08.07.2021-ൽ തദ്ദേശ സ്വയം ഭരണ സെക്രട്ടറിക്ക് സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ അറിയിക്കുകയുണ്ടായി. കൂടാതെ 31.08.2021-ന് ചെറുപുഴ ഗ്രാമപഞ്ചായത്തിൽ ഒരു റിട്ടയർമെന്റ് ഒഴിവ് വരുന്നുണ്ടെന്നും ശ്രീ. വിനോദ്കുമാർ അറിയിച്ചിരുന്നു.

3. പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ പഞ്ചായത്ത് ഡയറക്ടറുടെ 08.06.2020 ലെ ഉത്തരവ് പ്രകാരം (ഭരണസൗകര്യാർത്ഥം) വയനാട് ജില്ലയിലെ മുട്ടിൽ ഗ്രാമപഞ്ചായത്തിൽ നിയമിക്കുകയുണ്ടായിയെന്നും തുടർന്ന് കണ്ണൂർ ജില്ലയുടെ അതിർത്തി പഞ്ചായത്തായ തിരുനെല്ലി ഗ്രാമപഞ്ചായത്തിലേയ്ക്ക് 16.07.2020- ലെ ഉത്തരവ് പ്രകാരം സ്ഥലം മാറ്റുകയുണ്ടായിയെന്നും ടിയാൻ മുട്ടിൽ ഗ്രാമപഞ്ചായത്തിൽ വച്ച തന്നെ അവധി എടുക്കുകയും , തുടർന്ന് 29.07.2020-ലെ ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ലയിലെ അതിർത്തി പഞ്ചായത്തായ വലിയ പറമ്പ ഗ്രാമപഞ്ചായത്തിൽ റീപോസ്റ്റിംഗ് നൽകിയിരുന്നുവെന്നും തുടർന്ന് 25.06.2021 ലെ ഉത്തരവ് പ്രകാരം തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്തിൽ സ്ഥലം മാറ്റിയിരുന്നുവെന്നും 2021 ലെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് സ്ഥലംമാറ്റ ലിസ്റ്റിന്റെ കരട് പ്രസിദ്ധീകരിച്ചതിന് ശേഷം ടിയാൻ വയനാട് ജില്ലയിലെ എടവക ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ പ്രവേശിച്ച തീയതി കണക്കാക്കി സ്റ്റേഷൻ സീനിയോരിറ്റി ക്രമപ്പെടുത്തുന്നതിനുള്ള ആക്ഷേപമോ അപേക്ഷയോ സമർപ്പിച്ചിരുന്നില്ലായെന്നും നിലവിൽ പൊതുസ്ഥലമാറ്റ ലിസ്റ്റിൽ ടിയാൻ വലിയപറമ്പ ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ പ്രവേശിച്ച 03.08.2020 തീയതിയാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും ആയതിനാൽ പൊതുസ്ഥല മാറ്റ അപേക്ഷ പ്രകാരം ടിയാന് മുന്നിൽ 2 പേർ കണ്ണൂർ ജില്ലയിലേയ്ക്ക് ക്യൂ ലിസ്റ്റിലുണ്ടെന്നും എടവക ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ പ്രവേശിച്ച തീയതി സ്റ്റേഷൻ സീനിയോറിറ്റിയായി കണക്കാക്കുകയാണെങ്കിൽ ടിയാന് കണ്ണൂർ ജില്ലയിൽ സ്ഥലം മാറ്റം ലഭിക്കുന്നതിന് അർഹതയുണ്ടെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. കോടതി വിധിയുടെ അടിസ്ഥാനത്തിൽ ശ്രീ.കെ.വിനോദ്കുമാർ, 3-ാം എതിർകക്ഷി ശ്രീ.ഷിബുകരൺ എന്നിവരെ 02.09.2021 രാവിലെ 11.30 ന് ഓൺലൈൻ മുഖേന കേട്ടതിന്റെ കൂടി അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. 01.09.2021 തീയതിയിൽ ടിയാൻ ഓപ്ഷൻ നൽകിയ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ ഒരു വിരമിക്കൽ ഒഴിവ് വന്നിട്ടുണ്ടെന്നും ആയതിന് തന്നെ പരിഗണിക്കണമെന്നും ശ്രീ.കെ.വിനോദ്കുമാർ ഹിയറിംഗ് വേളയിൽ അഭ്യർത്ഥിക്കുകയുണ്ടായി. തന്റെ മകൾ വൃക്ക മാറ്റിവയ്ക്കലിന് വിധേയയാണെന്നും ഭാര്യയാണ് വൃക്ക ദാതാവെന്നും ആയതിനാൽ അനുകമ്പാർഹമായ കാരണത്താലാണ് ചിറക്കൽ ഗ്രാമപഞ്ചായത്തിൽ നിയമനം ലഭിച്ചതെന്നും ശ്രീ.ഷിബുകരൺ വ്യക്തമാക്കി.

5. എടവക ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ പ്രവേശിച്ച 01.01.2020 തീയതി സ്റ്റേഷൻ സീനിയോറിറ്റിയായി കണക്കാക്കുകയാണെങ്കിൽ ശ്രീ.കെ.വിനോദ്കുമാറിന് കണ്ണൂർ ജില്ലയിൽ സ്ഥലം മാറ്റം ലഭിക്കുന്നതിന് അർഹതയുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. 01.09.2021-തീയതി ചെറുപുഴ ഗ്രാമപഞ്ചായത്തിൽ വരുന്ന ഒഴിവിലേക്ക് ശ്രീ.കെ.വിനോദ്കുമാറിന്റെ അവകാശം

പരിഗണിക്കണമെന്ന് ബഹു.ട്രിബ്യൂണലും വ്യക്തമാക്കിയിട്ടുണ്ട്.

6. മേൽ സാഹചര്യത്തിൽ എടവക ഗ്രാമ പഞ്ചായത്തിൽ ശ്രീ.കെ.വിനോദ്കുമാർ സേവനത്തിൽ പ്രവേശിച്ച തീയതിയായ 01.01.2020 സ്റ്റേഷൻ സീനിയോരിറ്റിയായി കണക്കാക്കി ടിയാൻ സമർപ്പിച്ച ഓപ്ഷൻ പരിഗണിച്ച് അർഹതയുള്ള പക്ഷം, പരാമർശം (2) ലെ ബഹു.ട്രിബ്യൂണൽ വിധിന്യായം മാനിച്ച് 01.09.2021 ൽ ചെറുപുഴ ഗ്രാമ പഞ്ചായത്തിൽ നിലവിൽവന്ന ഒഴിവിലേക്ക് ടിയാനെ പരിഗണിച്ച് സ്ഥലം മാറ്റം നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതിനും നടപടി വിവരം സർക്കാരിൽ അറിയിക്കുന്നതിനും പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി അപ്രകാരം ശ്രീ.വിനോദ്കുമാർ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

1. ശ്രീ.വിനോദ്കുമാർ.കെ, മുൻ സെക്രട്ടറി, തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്, കാസർഗോഡ് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sudheer S S
Date: 22-09-2021 17:19:23
Reason: Approved

സെക്ഷൻ ഓഫീസർ